# 29

# ഒരു ഭർത്താവാകുക

## (5:25- 33)

ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്കു കീഴ്പ്പെട്ടിരിക്കണം എന്നു പറഞ്ഞശേഷം (5:22), പൗലൊസ് ഭർത്താക്കന്മാരോടു, അവരുടെ ഭാര്യമാരുടെ ആവശ്യങ്ങൾ നിറവേറ്റുവാനും അവരെ സ്നേഹിക്കുവാനും പ്രോത്സാഹിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ ഒരു ഭാര്യക്ക് എന്താണ് ആവശ്യം? ഈ ഉത്തരം പരിഗണിക്കുക:

> പുരുഷന്മാരുമായുള്ള ബന്ധത്തിൽ സ്ത്രീകൾ ഏറ്റവും ആഗ്രഹിക്കുന്നതെന്താണ്? ജോലി സ്ഥലത്തു തുല്യതയാണോ? വീട്ടിൽ പ്രതാപമാണോ? പാശ്ചാത്യ ലോകത്ത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാന കാലത്ത് ജീവിച്ചിരുന്നവരിൽ മറിച്ചു പറയുന്നവർ വിരളമായിരിക്കും ... എങ്കിലും അനേകം സ്ത്രീകൾക്ക്, സ്ത്രീകളുടെ അവകാശങ്ങളും അവസരങ്ങളും കൂടുതൽ ഉറപ്പുള്ളതാകുന്തോറും, ജോലി സ്ഥലത്തും വീടുകളിലും അവരുടെ ആഗ്രഹങ്ങൾ നിറവേറ്റുന്നതിൽ നിന്ന് അവരെ കൂടുതൽ ഒഴിച്ചുനിർത്തുന്നു. ജോലികൾ തൃപ്തികരമായി ചെയ്യുവാൻ കഴിയുന്നില്ല. വിവാഹവും കുടുംബ ജീവിതവും രൂപപ്പെടുത്തിയതു ആ ഉദ്ദേശത്തോടെയല്ല. പുരുഷന്മാരുമായുള്ള സ്ത്രീകളുടെ ദിവസേനയുള്ള ബന്ധം എന്തുതന്നെയായാലും, നിരവധി സ്ത്രീകൾ കരുതുന്നത് അവരുടെ ജീവിതത്തിൽ പ്രധാനപ്പെട്ടതും, അടിസ്ഥാനപരവുമായ, എന്തോ നഷ്ടപ്പെടുന്നു എന്നാണ്.
>
> ചോദിച്ചാൽ, കുറച്ചു സ്ത്രീകൾ - തീർച്ചയായും, കുറച്ചു പുരുഷന്മാർ - മാത്രമേ പ്രശ്നത്തിനു നേരെ വിരൽ ചൂണ്ടി കാണിക്കൂ. 90-കളിൽ നാമെല്ലാം സ്വതന്ത്രരായി - അതുകൊണ്ട് നാം സാമാന്യമായി ചിന്തിച്ചാൽ ... മിക്ക സ്ത്രീകളും ആഗ്രഹിക്കുന്നതും, എന്നാൽ കുറച്ചു സ്ത്രീകൾ മാത്രം കണ്ടെത്തുന്നതും, ആത്മിയ പുരുഷ നേതൃത്വം ആണെന്ന് ആരെങ്കിലും ഊഹിച്ചിട്ടുണ്ടോ?[1]

“ആത്മിയമായി പുരുഷ നേതൃത്വം,” എന്ന പ്രത്യേക വാക്കുകൾ എഫെസ്യർ 5:25-33-ൽ ഇല്ല എന്നാൽ അതാണ് ഈ വേദഭാഗത്തിൽ പൗലൊസ് ഉദ്ദേശിക്കുന്നത്. ഭാര്യ ഭർത്താവിന്നു കീഴ്പ്പെടുന്നതു കർത്താവിനോടു എന്നപോലെ ആകുമ്പോൾ, ഭർത്താവു തന്റെ നേതൃത്വം ശരിയായി നടത്തുന്നതിൽ കർത്താവിനു കീഴ്പ്പെടുകയാണ് ചെയ്യുന്നത്.

ഒരു ഭർത്താവു താഴെ പറയുന്ന ഈ കല്പന ഗൗരവമായി എടുത്താൽ അയാൾ ശരിയായി നയിക്കുകയാണ്: “ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ” (5:25). ഈ കല്പന ആത്മിയമായ പുരുഷ നേതൃത്വത്തെ നിർവ്വചിക്കുകയാണ്. അതു “ബോസ്” ആകുന്നതിനു പകരം സ്നേഹ

ത്തോടെയും കരുതലോടെയും സേവിക്കുന്നതുമായി ബന്ധപ്പെട്ടിരിക്കുന്നു.
ഭർത്താക്കന്മാരോടുള്ള പൗലൊസിന്റെ നിർദ്ദേശങ്ങൾ വായിക്കുക:

> ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ, അത് ക്രിസ്തു സഭയോടു ചെയ്തതുപോലെ – വാങ്ങുന്നതല്ല, കൊടുക്കുന്നതായ സ്നേഹമാണ് കാണിക്കുന്നത്. ക്രിസ്തുവിന്റെ സ്നേഹം സഭയെ പൂർണ്ണമാക്കുന്നു. അവന്റെ വാക്കുകൾ അവളെ ദ്യോതിപ്പിക്കുകയും മനോഹരി ആക്കുകയും ചെയ്യുന്നു. അവൻ പറയുന്നതും ചെയ്യുന്നതും എല്ലാം, അവരുടെ നന്മയ്ക്കുവേണ്ടിയും, അവളെ വെള്ളയുടുപ്പു അലങ്കാരമായി ധരിപ്പിച്ച് വിശുദ്ധീകരിക്കുന്നു. അങ്ങനെയാണ് ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കേണ്ടത്. അവർ തങ്ങളെത്തന്നെ വാസ്തവത്തിൽ ഏല്പിച്ചുകൊടുക്കണം – കാരണം അവർ വിവാഹത്തിൽ “ഒന്നായി” തീർന്നിരിക്കുന്നു.
>
> ആരും തന്റെ ജഡത്തെ, ഒരു നാളും പകെച്ചിട്ടില്ലല്ലൊ? ഇല്ല, അതിനെ പോറ്റിപുലർത്തുകയത്രെ. അങ്ങനെയാണ് ക്രിസ്തു നമ്മെ, സഭയെ കരുതുന്നത്, കാരണം നാം അവന്റെ ശരീരത്തിന്റെ ഭാഗമാണ്. അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും. ഇരുവരും, “ഒരു ദേഹം” ആയി തീരും. ഈ മർമ്മം വലിയതു, ഞാൻ ക്രിസ്തുവിനേയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നത്. എനിക്കു വ്യക്തമാകുന്നത് ക്രിസ്തു സഭയെ സേവിക്കുന്ന രീതിയാണ്. എന്നാൽ നിങ്ങളും അങ്ങനെ തന്നെ, ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപോലെ തന്നെ സ്നേഹിക്കേണം, ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു (5:25–33; റ്റിഎം).

പൗലൊസിന്റെ വാക്കുകൾ ഈ അടിസ്ഥാന തത്വമാണ് നമ്മെ പഠിപ്പിക്കുന്നത്: *തന്റെ ഭാര്യയെ മൃദുവായി കരുതുന്നതിന് തന്റെ നേതൃത്വം ഉപയോഗിക്കുമ്പോൾ ക്രിസ്തുവിനെ ആ ഭർത്താവു ഗൗരവമായി എടുത്തിരിക്കുന്നു എന്നാണ് തെളിയിക്കുന്നത്.*

**വാത്സല്യത്തോടെയുള്ള കരുതൽ സാക്ഷ്യപ്പെടുത്തൽ**

ഒരു ഭർത്താവാകുക എന്നാലെന്താണ് അർത്ഥമാക്കുന്നത്? സ്നേഹമുള്ള ഒരു നായകൻ ആകുക എന്നാണ് അതിനർത്ഥം. വാക്യം 25 പറയുന്നു, “ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ, ...” അതു നിസാരമാണെന്നു തോന്നും, അല്ലേ? ഇന്നു നാം “സ്നേഹം” എന്ന വാക്ക് ഉപയോഗിക്കുന്ന തെറ്റായ രീതിയാണ് കാര്യങ്ങളെ സങ്കീർണ്ണമാക്കുന്നത്. “സ്നേഹം” പലപ്പോഴും ചരടുമായി ബന്ധിച്ചാണ് കാണപ്പെടുന്നത്: ചിലർക്ക്, സ്നേഹം എന്നതു അവൾ യുവതിയും സുന്ദരിയും ആയിരിക്കുന്നിടത്തോളം അവളോടുള്ള നല്ല പെരുമാറ്റമാണ്. മറ്റു ചിലർക്ക്, അതു അർത്ഥമാക്കുന്നതു അവൾ ഇങ്ങോട്ടു നന്നായി പെരുമാറുന്നിടത്തോളം അങ്ങോട്ടും അതുപോലെ ആയിരിക്കുക, കുട്ടികളെ വിചാരിച്ചു നല്ലതുപോലെ പെരുമാറുക, അല്ലെങ്കിൽ അവൾ വീടു നന്നായി നോക്കി കുട്ടികളെ നന്നായി വളർത്തുന്നതിനു പകരമായി അവൾക്കു വേണ്ടതെല്ലാം ചെയ്യുന്നതാണ്.

സ്നേഹം എന്ന സ്വഭാവത്തോടു മറ്റെന്തെങ്കിലും നിർവ്വചനം ചേർക്കുവാൻ അവസരം പൗലൊസ് തരുന്നില്ല. തന്റെ മനസിൽ ഉണ്ടായിരുന്നതു

നാം മനസിലാക്കുവാൻ പൗലൊസ് രണ്ടു സാമ്യങ്ങൾ പറയുന്നുണ്ട്.

പൗലൊസിന്റെ ആദ്യത്തെ താരതമ്യം വ്യക്തമായി പറയുന്നു, "ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചു തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തതുപോലെ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ" (5:25). ഭർത്താക്കന്മാരും ഭാര്യമാരും തമ്മിലുള്ള ബന്ധത്തിനുവേണ്ട മൂല രൂപം ക്രിസ്തുവിലും അവന്റെ സഭയിലും കാണാം. അതൊരു ശക്തമായ താരതമ്യമാണ്! ക്രിസ്തുവും സഭയും തമ്മിലുള്ള പ്രധാന യോജിപ്പാണ് പൗലൊസ് എഫെസ്യ ലേഖനത്തിൽ ഉടനീളം ഊന്നി പറയുന്നത്. സഭയുടെ ഉയർത്തപ്പെട്ട തലയാണ് ക്രിസ്തു (1:22; 4:15). ക്രിസ്തു സഭയെ സ്നേഹിക്കുകയും അവൾക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുക്കുകയും ചെയ്തു (3:19; 5:2). തന്റെ സ്വന്ത മരണത്താൽ ക്രിസ്തു സഭക്കു രക്ഷ കൊണ്ടുവന്നു (1:7, 13; 2:5, 6; 2:14-18). സഭയുടെ ആവശ്യങ്ങൾക്കും വളർച്ചക്കും വേണ്ടി അവൻ കരുതുന്നു (4:11-16), തന്റെ സഭയിലുള്ളവരുടെ ഹൃദയങ്ങളിൽ അവൻ വസിക്കുന്നു (3:17). തന്റെ സഭയുടെ ക്ഷേമത്തിനും വളർച്ചക്കും വേണ്ടതു അവൻ നല്കുകയും ചെയ്യുന്നു (4:15, 16).

പൗലൊസ് അതെല്ലാം പറഞ്ഞു. ഇപ്പോൾ, അദ്ധ്യായം 5-ൽ, ഭർത്താവു ഭാര്യയെ ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചതിനു തുല്യമായ മാതൃകയിൽ സ്നേഹിക്കണമെന്ന അവിശ്വസനീയ ബന്ധത്തെയാണ് പൗലൊസ് എടുത്തു കാണിക്കുന്നത്. നിങ്ങളും ഞാനും നമ്മുടെ ഭാര്യമാരോടു എങ്ങനെ ബന്ധപ്പെട്ടിരിക്കണമെന്നതിനെ കുറിച്ചു പൗലൊസ് എത്ര ഗൗരവമായി ചിന്തിച്ചിരുന്നു എന്നത് അവൻ ആ താരതമ്യം നടത്തുന്നതിൽ നിന്നു മനസ്സിലാക്കാം.

ക്രിസ്തുവിനു തന്റെ സഭയോടുള്ള സ്നേഹ സമർപ്പണം തുറന്നു കാണിച്ചിരിക്കയാണ് അദ്ധ്യായം 5-ൽ പൗലൊസ്. അതു നമുക്കു ക്രിസ്തുവിന്റെ സ്നേഹത്തെ *മനസിലാക്കുവാനു*ള്ള വികാരം നല്കുന്നതാണ്.

*ഒന്ന്, ക്രിസ്തു സഭയെ സ്നേഹിച്ചു.* ഇതു നമ്മെ കഴിഞ്ഞകാല നിത്യതയിലേക്കു കൊണ്ടു പോകുന്നു. സൃഷ്ടിക്കു മുൻപു തന്നെ, ക്രിസ്തു തന്റെ സഭയെ സ്നേഹിച്ചിരുന്നു. സഭ ദൈവ മനസ്സിൽ ഒരു ചിന്ത മാത്രം ആയിരുന്നപ്പോഴും, ക്രിസ്തു അവളെ സ്നേഹിച്ചു.

*രണ്ട്, ക്രിസ്തു തന്നെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചു കൊടുത്തു.* അവൻ സ്വർഗ്ഗം വിട്ടു, ഭൂമിയിൽ വന്നു, മനുഷ്യനായി തീരുകയും, മരിച്ചു കൊണ്ട് സഭയെ ജീവിപ്പിക്കുകയും ചെയ്തു. അവൻ ഒന്നും മുറുകെ പിടിച്ചിരുന്നില്ല. തന്റേതെല്ലാം അവൻ കൊടുത്തു.

*മൂന്ന്, അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കേണ്ടതിനു ക്രിസ്തു തന്നെത്താൻ കൊടുത്തു.* ആദ്യാനുഭവത്തിൽ നിന്നു പൗലൊസ് ഇത് മനസ്സിലാക്കിയിരുന്നു. അവൻ ക്രിസ്തുവിന്റെ സഭയിൽ ആകുന്നതിനു മുൻപു, ഒരു പാപിയായിരുന്നപ്പോൾ, അവൻ രക്ഷിക്കപ്പെടേണ്ടതിനും സഭയോടു ചേർക്കപ്പെടേണ്ടതിനും എന്താണ് ചെയ്യേണ്ടത് എന്ന് അവനോടു പറഞ്ഞിരുന്നു. അവൻ ഈ വാക്കുകൾ കേട്ടു: "എഴുന്നേറ്റു, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു, സ്നാനമേറ്റു, നിന്റെ പാപങ്ങളെ കഴുകിക്കളക" (പ്രവൃത്തികൾ 22:16). ക്രിസ്തുവിന്റെ സഭയെ പല നാമധേയ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്നതു ഈ വിശ്വാസമാണ്: ഒരാൾ ദൈവവചനം വിശ്വസിച്ചു, വെള്ളത്തിൽ സ്നാനം ഏല്ക്കുവാൻ വരു

മ്പോൾ, ആ വ്യക്തി വെള്ളത്താലല്ല ആത്മിയമായി ശുദ്ധമാകുന്നത്, പക്ഷെ ക്രിസ്തുവിന്റെ ശക്തിയാലാണ്. ക്രിസ്തു തന്റെ സഭയെ വെടിപ്പാക്കുന്നു.

*നാലു, അവളെ ശുദ്ധയാക്കുവാൻ പരിശ്രമിക്കുന്നതിൽ ക്രിസ്തു സഭയോടുള്ള സ്നേഹം കാണിച്ചു.* ആ ക്രിയയിലെ കാലം ക്രിസ്തു അതിനുവേണ്ടി നടത്തിയ എല്ലാ പരിശ്രമവും കാണിക്കുന്നു. സ്വഭാവത്തിലും പെരുമാറ്റത്തിലും തന്റെ സഭയെ അവൻ ശുദ്ധമാക്കുവാൻ തീർച്ചയാക്കി: "അവളിൽ നന്മ വരേണ്ടതിനാണ് അവൻ പറയുന്നതും ചെയ്യുന്നതും എല്ലാം" (5:27; റ്റിഎം).

*അവസാനം, ക്രിസ്തു സഭയെ സ്നേഹിക്കുകയും, കാലാവസാനം അവൻ സഭയെ തനിക്കു തന്നെ കാന്തിയോടെ എടുക്കുകയും ചെയ്യുന്നു.* "പ്രശോഭിതം," എന്നതിനുള്ള ഗ്രീക്ക് വാക്ക് *എൻഡോ ക്സോസ്* എന്നാണ്, അക്ഷരികമായ അർത്ഥം "മഹത്തരമായ" എന്നാണ്. "മഹത്വം" എന്നതു തിരുവെഴുത്തിൽ സൂചിപ്പിക്കുന്നത്, ദൈവസ്വഭാവത്തിന്റെ കാഴ്ച്ചയിൽ തിളങ്ങുന്ന പ്രകാശത്തെയാണ്. ക്രിസ്തുവിന്റെ സ്നേഹം സഭയെ ഒരിക്കൽ ദൈവിക മനോഹാരിതയിലും, കാന്തിയിലും എത്തിക്കും. മറ്റൊരു അപ്പൊസ്തലനായ, യോഹന്നാൻ, അതെങ്ങനെയിരിക്കും എന്നതിന്റെ ഒരെത്തിനോട്ടം നല്കുന്നു:

> ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി, സമുദ്രവും ഇനി ഇല്ല. പുതിയ യെരുശലേം, എന്ന വിശുദ്ധ നഗരം, ഭർത്താവിനായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെ പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്നു ദൈവസന്നിധിയിൽ നിന്നു, തന്നെ ഇറങ്ങുന്നതും ഞാൻ കണ്ടു (വെളിപ്പാട് 21:1, 2).

സഭയോടുള്ള ക്രിസ്തുവിന്റെ സ്നേഹം മുഴുവൻ മനസിലാക്കുവാൻ ശ്രമിക്കുന്നതു നമ്മുടെ കഴിവിനപ്പുറമാണ്. ക്രിസ്തുവിനു തന്റെ സഭയോടുള്ള സത്യസന്ധമായ സ്നേഹം മുഴുവൻ അളക്കുന്നതിനേക്കാൾ എളുപ്പമാണ് ലോകത്തിലെ എല്ലാ കടൽത്തീരത്തിലെയും മണൽത്തരികളെ ശേഖരിച്ചു എണ്ണുക എന്നത്. അവന്റെ സ്നേഹം നിത്യതയുടെ ഭൂതകാലത്തിൽ തുടങ്ങി വർത്തമാനകാലത്തിലും, ഭാവിയിലെ നിത്യതയിലേക്കും നീളുന്നതാണ്.

മനസിലാക്കുവാൻ പ്രയാസമുള്ള ഈ സ്നേഹത്തെ നാം എന്തു ചെയ്യും? ഭർത്താക്കന്മാരേ, നമ്മെ മുട്ടിന്മേൽ നില്ക്കുവാൻ കൊണ്ടു വരുവാൻ അതിനെ അനുവദിക്കുക. ദൈവം ആഗ്രഹിക്കുന്നതുപോലെ നമ്മുടെ വിവാഹ ജീവിതം ആകുന്നതിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുന്ന അഹങ്കാരം നമ്മിൽ നിന്നു ഇല്ലാതാക്കാൻ അതിനെ അനുവദിക്കുക. നമ്മുടെ ഭാര്യമാരോടു ദാസന്മാരായിരിക്കുന്നതിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുന്ന സ്വാർത്ഥത ഇല്ലാതാക്കാൻ അതിനെ അനുവദിക്കുക.

ഒരു ഭാര്യക്ക് ആവശ്യം ദാസ്യ – നായകൻ ആണെന്നു ക്രിസ്തു നമുക്കു കാണിച്ചു തരുന്നു. അവൾക്ക് ആവശ്യം തന്നെ സ്നേഹിക്കുന്ന, എടുക്കുന്നതിനേക്കാൾ കൊടുക്കുന്ന, അവളിലുള്ള ഏറ്റവും നല്ലത് പ്രതീക്ഷിക്കുന്ന, അവളെ കുറിച്ചു തന്റെ മകളായി ദൈവം ആഗ്രഹിക്കുന്ന രീതിയിൽ ആക്കുവാൻ ആഗ്രഹിക്കുന്ന ഒരു പങ്കാളിയെ ആണ്.

## വാത്സല്യത്തോടെയുള്ള കരുതൽ അനുഭവിക്കൽ

ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുന്നതെങ്ങനെ എന്നു മനസിലാക്കുവാൻ സഹായിച്ചുകൊണ്ടു പൗലൊസ് നല്കിയ രണ്ടാമത്തെ സാമ്യം നോക്കുക. അതു നമ്മുടെ വ്യക്തിപരമായ അനുഭവത്തിൽ നിന്നാണ് വരുന്നത്: "അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെ പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു; ആരും തന്റെ ജഡത്തെ ഒരുനാളും പകെച്ചിട്ടില്ലല്ലൊ, ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്" (5:28, 29). എനിക്ക് അതിനെ കുറിച്ചു എന്തെങ്കിലും മനസ്സിലായെങ്കിൽ, അത് ഞാൻ എന്നെ കരുതുന്നു എന്നാണ്. എനിക്കു വിശക്കുമ്പോൾ, ഞാൻ എന്തെങ്കിലും കഴിക്കും. ഞാൻ ക്ഷീണിക്കുമ്പോൾ, വിശ്രമിക്കും. എനിക്കു വേദനയുണ്ടാകുമ്പോൾ, ആ വേദന ശമിപ്പിക്കുവാൻ വേണ്ടതു ഞാൻ ചെയ്യും.

വിവാഹം മനോഹരമാണ് കാരണം - നാം രണ്ടുപേർ ഒരു ജഡമായി തീരുന്നതു കൊണ്ട് - ഞാൻ എന്റെ ഭാര്യയെ സ്നേഹിക്കുമ്പോൾ, ഞാൻ എന്നോടുതന്നെ സ്നേഹം പ്രകടിപ്പിക്കുകയാണ്. ഞാൻ എന്റെ ഭാര്യയെ കരുതുന്നതു എന്നെ കരുതുന്നതിനു തുല്യമാണ്.

അപ്പോൾ, പിന്നെ, നാം ഭാര്യമാർക്ക് എന്തു ചെയ്യണം? ഈ ലിസ്റ്റ് നമ്മെ തയ്യാറാകുവാൻ സഹായിച്ചേക്കാം. താഴെ കൊടുത്തിരിക്കുന്നവ ഭർത്താക്കന്മാർ ചെയ്യണം:

നിങ്ങളുടെ സമയം നല്കുക ... അവളെ നിങ്ങളുടെ മുൻഗണനയിൽ ദൈവശേഷം ഒന്നാമതാക്കുക;
നിങ്ങളുടെ സാന്നിധ്യം നല്കുക ... നിങ്ങളുടെ ഭൗതികവും വൈകാരികവുമായ സാന്നിധ്യം;
സത്യം നല്കുക ... വീട്ടിൽ ആത്മിയ നേതൃത്വം എടുക്കുക, നിങ്ങളുടെ ഭാര്യയും കുടുംബവും സത്യം പഠിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തുക;
നിങ്ങളുടെ സ്നേഹം നല്കുക ... അവളുടെ ആവശ്യം നിറവേറ്റുവാനായി;
നിങ്ങളുടെ പ്രാർത്ഥന നല്കുക ... അവളെ വാത്സല്യത്തോടെ കരുതുന്നതിന് പിതാവിനോട് പ്രാർത്ഥിക്കുക;
നിങ്ങളുടെ ക്ഷമ നല്കുക ... ബന്ധം യഥാസ്ഥാനപ്പെടുവാൻ;
നിങ്ങളുടെ നേതൃത്വം നല്കുക ... വീടിന്നും കുടുംബത്തിനും;
നിങ്ങളുടെ അവകാശം നല്കുക ... നിങ്ങളുടേതെല്ലാം അവളുമായി പങ്കിടുക.[2]

## വാത്സല്യത്തോടെയുള്ള കരുതൽ പരിശീലിക്കൽ

ദൈവവചനം ഭാര്യമാരോടു പറയുന്നു "കീഴ്പ്പെടുക" (5:22). ദൈവവചനം ഭർത്താക്കന്മാരോടു പറയുന്നു "സ്നേഹിക്കുക" (5:25). നിങ്ങളോടു തന്നെ ചോദിക്കുക, "ഞാൻ എന്റെ പങ്കാളിയെ എന്നേക്കാൾ അധികം സ്നേഹിക്കുന്നുണ്ടോ?"

കരുതലുള്ള ഒരു ഭർത്താവും ഭാര്യയെ ഒരിക്കലും ഉപേക്ഷിക്കയില്ല.

അവൾക്ക് കഴിയുന്നതിലധികമായി അവൻ അവളിൽ നിന്നു പ്രതീക്ഷിക്കുകയില്ല, അവൾ ഒരിക്കലും തന്റെ വഴിയെ വരണമെന്നു ശഠിക്കയുമില്ല.

ക്രിസ്തീയ വിവാഹത്തിൽ ആവശ്യമായ വാത്സല്യത്തോടെയുള്ള കരുതൽ 1 കൊരിന്ത്യർ 13:4–8 മാതൃകയാക്കിയിരിക്കുന്നു. സഹനശക്തിയും, ദയയും ക്ഷമയും ഉള്ള സ്നേഹത്തിൽ നിന്നു വരുന്നതാണ് അത്. അത് അസൂയയോ ഗർവ്വോ ജനിപ്പിക്കയില്ല എന്നാൽ, ഭർത്താവിനെ എപ്പോഴും ഭാര്യയുടെ ഏറ്റവും നല്ലതു ചിന്തിക്കുവാൻ ഇടയാക്കും. അത്തരം സ്നേഹം ഒരിക്കലും ക്ഷയിച്ചു പോകയില്ല.

വിവാഹത്തിൽ ക്രിസ്തുവിനു വാസ്തവത്തിൽ സമർപ്പിക്കപ്പെട്ട ഭർത്താവു തന്റെ ഭാര്യ ആത്മിയമായി വളരുന്നതിൽ സുഖം കണ്ടെത്തും. അവൾ എങ്ങനെയാകണമെന്നാണോ ദൈവം ആഗ്രഹിക്കുന്നത് അങ്ങനെയാകുവാൻ അവളെ അയാൾ സഹായിക്കും, അവളുടെ ജീവിതത്തിനുള്ള ദൈവ പദ്ധതിയിൽ അവൻ ആശ്രയിക്കും.

**ഉപസംഹാരം**

ഭർത്താക്കന്മാരേ, നിങ്ങൾ പൂർണ്ണരാകുവാനല്ല ദൈവം പ്രതീക്ഷിക്കുന്നത്, പക്ഷെ നിങ്ങളുടെ ഭാര്യ നിങ്ങളിൽ നിന്നു ആഗ്രഹിക്കുന്ന വാത്സല്യത്തോടെയുള്ള കരുതലും സ്നേഹവും നിങ്ങൾ കാണിച്ചു കൊടുക്കേണ്ടതിന് നിങ്ങൾ പരമാവധി ശ്രമിക്കണമെന്ന് അവൻ പ്രതീക്ഷിക്കുന്നു.

യേശുവിനെ നോക്കുക. അവൻ നിങ്ങളെ സഹായിക്കുവാൻ തയ്യാറാണ്. ഒരു നിമിഷം ചിന്തിച്ചിട്ട് എന്തുകൊണ്ട് നിങ്ങൾ ദൈവം ആഗ്രഹിക്കുന്നതുപോലെയുള്ള ഒരു ഭർത്താവായി തീരുന്നതിന് നിങ്ങളെ സമർപ്പിച്ചുകൂടാ? നിങ്ങളെ സഹായിക്കുവാനും ശക്തിപ്പെടുത്തുവാനും ദൈവം തന്റെ വാഗ്ദാനം കാത്തുകൊള്ളും.

"ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ, ..."

---

കുറിപ്പുകൾ

[1]എഫ്. ലഗാർഡ് സ്മിത്ത്, *വാട്ട് മോസ്റ്റ് വിമെൻ വാണ്ട്: വാട്ട് ഫ്യു വിമെൻ ഫൈന്റ്* (യൂജീൻ, ഓറെഗ്.: ഹാർവെസ്റ്റ് ഹൗസ് പബ്ലിഷേഴ്സ്, 1992), 7–8. [2]മാക്സ് ആന്റേഴ്സ്, *ദ ഗുഡ് ലൈഫ്: ലിവിങ് വിത്ത് മീനിങ് ഇൻ ഏ "നെവെർ - ഇനഫ്" വേൾഡ്* (ഡള്ളാസ്: വേഡ് പബ്ലിഷിങ്, 1993), 191.